(ബി) ഒരു കൂടിൽ വ്യവസായബോർഡിനെ നിയമിച്ചിട്ടുണ്ട്.

(സി) ഉദ്ദേശം മൂന്നുമാസമായി പ്രവർത്തനം തുടങ്ങിയതേയുള്ളൂ.

അലൂമിനിയം ഫാക്ടറി

*ചോ. നം. (൪൯) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലുവായിലുള്ള അലൂമിനിയം ഫാക്ടറിയുടെ മൂലധനമെന്താണു്;

(ബി) അതിൽ വിദേശ മൂലധനമെത്ര; തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറു് ഇറക്കിയിട്ടുള്ള മൂലധനമെത്ര?

വ്യവസായവും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ):

(എ) ൨ ൦ ൦ ലക്ഷം രൂപാ.

(ബി) തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറിനു് ൧൭.൫ ലക്ഷം രൂപായുടെ ഓഹരി ഉണ്ടു്. വിദേശമൂലധനമെത്രയെന്നു് ഗവൺമെൻറിനറിവില്ല. വിവരങ്ങൾ ശേഖരിക്കുന്നതേയുള്ളൂ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ആ കമ്പനിയുടെ നടത്തിപ്പിൽ ഈ ഗവൺമെൻറിനു് എന്തെങ്കിലും അധികാരമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ആ കമ്പനിയിൽ ഗവൺമെൻറിന്റെ ഒരു ഡയറക്ടർ ഉണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ കമ്പനി ഇപ്പോൾ ലാക്കൌട്ടു് ചെയ്തിരിക്കയാണെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇപ്പോൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടു്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഈ അലൂമിനിയം ഫാക്ടറിക്കു് പ്രത്യേകമായി വല്ല സൌജന്യങ്ങളും അനുവദിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: വല്ല സൌജന്യങ്ങളും അനുവദിച്ചിട്ടുണ്ടോ എന്നു് ഇപ്പോൾ പറയാൻ നിവർത്തിയില്ല; അതിനു് നോട്ടീസു് വേണം.

ശ്രീ. കെ. രാമചന്ദ്രൻ: ഗവൺമെൻറിൽനിന്നും നിയമിച്ചിരിക്കുന്നതായ ഡയറക്ടർ എത്ര കമ്പനികളിൽ ഡയറക്ടറാണു്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി

*ചോ. ൭. (൫൦) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡിയുടെ കാര്യത്തിൽ കേന്ദ്രഗവൺമെൻറിന്റെ അടുക്കൽ നിവേദനം നടത്തിയതിന്റെ ഫലമെന്താണു്;

(ബി) അരിവില വർദ്ധിപ്പിക്കാനുള്ള കേന്ദ്രഗവൺമെൻറിന്റെ ശുപാർശ നടപ്പിൽ വരുത്താനാലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) 1 ൻ ഒ 1-ൽ ഇന്ത്യാഗവണ്മെൻറ് ഈ ഗവണ്മെൻറിൻെറ്റിലേക്ക് 1. ഒ കോടി രൂപാ ആയിരുന്ന ഭക്ഷ്യസബ്സിഡി ഇനത്തിൽ അനുവദിച്ചിരുന്നതു്. എന്നാൽ ഈ ഗവണ്മെൻറ് ഇന്ത്യാഗവണ്മെൻറിനോടു് നടത്തിയ ആവശ്യപ്പെട്ടുള്ള നിവേദനങ്ങളുടെ ഫലമായി ഭക്ഷ്യസബ്സിഡിയിനത്തിൽ 2 വ്വ ലക്ഷം രൂപായോളമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) ഈ കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സബ്സിഡി ഇനിയും മുഴുവനായി കിട്ടുന്നതിനു് വല്ല ശ്രമങ്ങളും നടത്തുന്നുണ്ടോ?

ശ്രീ. കെ. എം. കോര: ഇനിയും കൂട്ടിക്കിട്ടണമെന്നു നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സബ്സിഡി മുഴുവൻ തരാൻ സാധ്യമല്ല എന്നു് ഇന്ത്യാഗവണ്മെൻറ് ഈ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: മുഴുവൻ തരാൻ സാധ്യമല്ലെന്നറിയിച്ചിട്ടുണ്ടു്.

Sri. N. Danial Jose: In other Provinces what is the percentage of subsidy given by the Government of India?

Sri. K. M. Korah: That depends upon ever so many circumstances. Without notice I cannot give an answer as to what exactly is the percentage.

സ്ഥലം പതിവു്

* 2 നു വ്യ. (ഒ 2) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ അഴീക്കോട് വില്ലേജിൽ അടുത്തകാലത്തു് കടൽ നീങ്ങി ഉണ്ടായിട്ടുള്ള പുറമ്പോക്കു സ്ഥലം യാതൊരാവേതനമായി കാൺഗ്രസ്സുകാർക്കു് പതിച്ചുകൊടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആ സ്ഥലം പതിച്ചുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഏതെങ്കിലും കാൺഗ്രസ്സുകാർ ഗവണ്മെൻറിലേയ്ക്കു് അപേക്ഷ അയച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) പ്രസ്തുത സ്ഥലം ആർക്കെങ്കിലും പതിച്ചുകൊടുക്കണമോ എന്നുള്ള കാര്യം ആലോചനയിലിരിക്കുന്നതേയുള്ളൂ.

(ബി) ഈ സ്ഥലം ഭക്ഷ്യോൽപാദനത്തിനായി പതിച്ചുകൊടുക്കണമെന്നു് പാർലിമെൻറംഗമായ ശ്രീ. പി. സി. അഹമ്മദുണ്ണി അപേക്ഷിച്ചിട്ടുണ്ടു്.

AIKKARANAD LIFT IRRIGATION SCHEME

***139. [52] Sri. N. V. Chacko:** Will the hon. Minister for Irrigation be pleased to state.—

(a) whether the Aikkaranad Lift Irrigation Scheme has been partially given up;

(b) whether it is partially given up owing to excessive cost for making flumes; and

(c) whether the Government propose to put a bund in the punja fields to store water for mundakan crop?

Minister for Finance and Food **(Sri. K. M. Korah):**

(a), (b) and (c) Information is being only collected and answer will be furnished on a later occasion.

LIBRARY ARCHIVES Kerala Legislative Assembly